(ബി) 544 അപേക്ഷകൾ വകുപ്പിന് ലഭ്യമായിട്ടുണ്ട്. ലഭിച്ച അപേക്ഷകരുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി)

മോട്ടൽ ആരാം — 12

നഷ്ടത്തിലുള്ളവ — 4

ലാഭോത്തിലുള്ളവ — 8

(ഡി) ഉണ്ട്. വഴിയോര പദ്ധതി കെ.റ്റി.ഡി.സി.യുടെ ആരാംഹോട്ടലുകളെ യാതൊരു രീതിയിലും ബാധിക്കുകയില്ല. ഇപ്പോൾ കെ.റ്റിഡി.സി.യുടെ ഹോട്ടലുകൾ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. വഴിയോര പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ ഹൈവേകളിലും പ്രധാന ടൂറിസം റോഡുകളിലും വഴിയോര വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. മാത്രവുമല്ല, ഒരു സ്ഥലത്ത് ഒരു യൂണിറ്റിന് അംഗീകാരം നൽകിയാൽ പ്രസ്തുത യൂണിറ്റിൽനിന്നോ നിലവിലുള്ള കെ.റ്റി.ഡി.സി. ഹോട്ടലുകളിൽനിന്നോ ചുരുങ്ങിയത് 10 മുതൽ 20 കി. മീറ്റർ വരെ അകലമുണ്ടെങ്കിലെ അടുത്ത യൂണിറ്റ് തുടങ്ങാനുള്ള അംഗീകാരം നൽകുകയുള്ളൂ.

സംസ്ഥാന ടൂറിസം വകുപ്പിന്റെ വാഹനങ്ങൾ

301 [1207] *ശ്രീ. ബിനോയ് വിശ്വം*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ടൂറിസം വകുപ്പിന് മൊത്തം എത്ര വാഹനങ്ങൾ ഉണ്ടെന്നും അതിൽ വിദേശനിർമ്മിത കാറുകൾ എത്രയെന്നും സ്വദേശനിർമ്മിത കാറുകൾ എത്രയുണ്ടെന്നും അറിയിക്കാമോ;

(ബി) ഈ വകുപ്പിൽ 25 വർഷത്തിലേറെ പഴക്കമുള്ള എത്ര വിദേശനിർമ്മിത കാറുകൾ ഉണ്ടെന്നും അവയുടെ മോഡൽ, നിർമ്മാണ കമ്പനി, രജിസ്ട്രേഷൻ നമ്പർ എന്നിവ അറിയിക്കാമോ;

(സി) മേൽപ്പറഞ്ഞ വാഹനങ്ങളിൽ ഇപ്പോൾ ഉപയോഗത്തിലുള്ള എത്ര വാഹനങ്ങൾ ഉണ്ടെന്നും ഉപയോഗിക്കാൻ പറ്റാത്തവ എത്രയാണെന്നും റിപ്പയർ ചെയ്താൽ ഉപയോഗിക്കാൻ കഴിയുന്നവ എത്രയാണെന്നും അറിയിക്കുമോ;

(ഡി) ഉപയോഗമില്ലാത്ത വാഹനങ്ങൾ ലേലംചെയ്ത് സർക്കാരിലേക്ക് മുതൽക്കൂട്ടാൻ അടിയന്തിരമായ നടപടി സ്വീകരിക്കാമോ?

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന ടൂറിസം വകുപ്പിന് മൊത്തം 140 വാഹനങ്ങൾ ഉണ്ട്.

വിദേശ നിർമ്മിത കാറുകൾ — 6 എണ്ണം

സ്വദേശ നിർമ്മിത കാറുകൾ — 134 എണ്ണം

(ബി) 25 വർഷത്തിലേറെ പഴക്കമുള്ള വിദേശനിർമ്മിത കാറുകൾ 5 എണ്ണം.

ക്രമ നമ്പർ	*രജി. നമ്പർ*		*നിർമ്മാണകമ്പനി*	*മോഡൽ*
(1)	KRV	7247	Buick	1974
(2)	MAR	5502	Benz	1977
(3)	KEV	3690	Benz	1980
(4)	MAR	5503	Benz	1977
(5)	DLZ	729	Benz	1977

(സി)

ഉപയോഗയോഗ്യമായവ — 3 എണ്ണം

ഉപയോഗയോഗ്യമല്ലാത്തത് — 1 എണ്ണം

അറ്റകുറ്റപ്പണികൾ ചെയ്താൽ ഉപയോഗിക്കാൻ പറ്റുന്നത് — 1 എണ്ണം.

(ഡി) ലേലം ചെയ്യുവാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു.

മ്യൂറൽ പെയിന്റിംഗ്സ്

302 [1225] *ശ്രീ. ബി. വിജയകുമാർ:*

„ *കെ. മുഹമ്മദാലി:*

ഡോ. എം. എ. കുട്ടപ്പൻ:

ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം ക്ഷേത്രങ്ങളിൽ മ്യൂറൽ പെയിന്റിംഗ് നിലവിലുണ്ടെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ബി) ഇവയിൽ എവിടെയെല്ലാമുള്ള പെയിൻറിംഗുകൾ നാശോന്മുഖമായ നിലയിലാണെന്ന് പറയുമോ;

(സി) ഇവ നന്നാക്കി സംരക്ഷിക്കുവാൻ എന്തെല്ലാം പദ്ധതികളുണ്ട്;

(ഡി) സംസ്ഥാനത്ത് മ്യൂറൽ പെയിന്റിംഗ് അറിയാവുന്ന എത്ര കലാകാരന്മാരുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly